പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2961

21-06-2013 ൽ

മറുപടിയ്ക്ക്

സുതാര്യകേരളം ജില്ലാ സെല്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| (എ) സുതാര്യകേരളം ജില്ലാ സെല്ലിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) 2013 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സുതാര്യകേരളം ജില്ലാ സെല്ലുകൾ എറണാകുളം, ആലപ്പുഴ ജില്ലകളൊഴിച്ച് എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചു. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) സ ാധാരണ ജനങ്ങൾക്ക് അതാത് ജില്ലാ കേന്ദ്രങ്ങളിൽ തന്നെ പരാതികൾ സമർപ്പിക്കുവാനും എത്രയും വേഗം പരിഹാരം കാണാനുമുള്ള അവസരം ഉണ്ടാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) എല്ലാ ജില്ലകളിലേയ്ക്കും സെല്ലിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വിശദമാക്കുമോ; | സി) ആലപ്പുഴ, എറണാകുളം ജില്ലകളൊഴികെ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കാനായുള്ള അവസാനഘട്ട നടപടികൾ നടക്കുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്.? | ഡി) എല്ലാ കളക്ടറേറ്റുകളിലും പരാതി സ്വീകരിക്കാൻ ഓഫീസുകൾ തുടങ്ങിയിട്ടുണ്ട്. ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി കമ്പ്യൂട്ടറുകൾ ഇന്റർനെറ്റ്, ടെലിഫോൺ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഓഫീസുകളിൽ കോ-ഓർഡിനേറ്റർ, ടൈപ്പിസ്റ്റ്, മെസഞ്ചർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ